(സി) ഉണ്ട്. അവ താഴെപ്പറയുന്നു:-

വൈസ് പ്രിൻസിപ്പൽ	- 1
ജൂനിയർ ഇൻസ്ട്രക്ടർ	- 2
എ.സി.ഡി. ഇൻസ്ട്രക്ടർ	- 1
എൽ.ഡി. ക്ലാർക്ക്	- 3

ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.-കൾ

177 (6882) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.കളുടെ വിശദവിവരം നല്കുമോ ;

(ബി) കാലോചിതമായ കോഴ്സുകളോടുകൂടിയ ഐ.റ്റി.ഐ.കൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഐ.റ്റി.ഐ.കൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിലുള്ള നിലപാടും നയവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐ.കളും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐ.കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഐ.റ്റി.ഐ.യും അടച്ചുപൂട്ടിയിട്ടില്ല.

(ബി&സി) നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും

178 (6883) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ച എത്ര ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.ടി.ഐ.-കൾക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐ.കളും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐ.കൾ അനുവദിച്ചിട്ടുണ്ട്. ടി.ഐ.റ്റി.ഐ.കളിൽ

(i) പള്ളിപ്പുറം ഐ.റ്റി.ഐ.-ക്ക് പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് Survey No. 419/6, 419/7 കളിൽപ്പെട്ട (74.5 സെന്റ്) സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥലത്ത് ഐ.റ്റി.ഐ.-ക്ക് കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്.

(ii) ഐ.റ്റി.ഐ. ചങ്ങനാശ്ശേരി, ഐ.റ്റി.ഐ. വെസ്റ്റ് എളേരി, ഐ.റ്റി.ഐ. താഴേക്കോട് എന്നീ ഐ.റ്റി.ഐ.കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയിട്ടില്ല. ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഐ.റ്റി.ഐ.ക്കായി 1.75 ഏക്കർ സ്ഥലം കണ്ടെത്തിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(iii) കൂത്തുപറമ്പ് ഐ.റ്റി.ഐ.ക്കായി കൂത്തുപറമ്പ് റിവ്വേജിൽ 91 സെന്റ് സ്ഥലം കൂത്തുപറമ്പ് നഗരസഭ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

(iv) കൊഴിഞ്ഞാമ്പാറ ഐ.റ്റി.ഐ.ക്കായി നാട്ടുകൽ വില്ലേജിൽ 4.29 ഏക്കർ സ്ഥലം ബഹു. പട്ടാമ്പി എം.എൽ.എ. ശ്രീ. അബ്ദുൾഖാദർ അവർകളുടെ പേരിൽ വാങ്ങിയത് ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.റ്റി.ഐ.കൾ അനുവദിച്ചിട്ടുള്ളത്. അടിസ്ഥാനസൗകര്യം ലഭ്യമാക്കിയിട്ടില്ലാത്ത ഐ.റ്റി.ഐ.കൾക്ക് ആയത് അടിയന്തരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാക്കിയിട്ടുള്ള ഐ.റ്റി.ഐ.കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly